## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3577 30-01-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

### കർഷകർക്ക് നീര ഉൽപ്പാദനാവകാശം

**ചോദ്യം:**

ശ്രീ. രാജു എബ്രഹാം :

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) നീര ഉൽപാദിപ്പിക്കുന്നതിന് കേര കർഷകർക്ക് അധികാരം നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൻെറ കാരണം വിശദമാക്കാമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നീര ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ നാളികേര വികസന ബോർഡ് അംഗീകരിച്ചിട്ടുള്ള കേര കർഷകർ അംഗങ്ങളായുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി, ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രണ്ടു വീതവും മറ്റു ജില്ലകളിൽ ഓരോ യൂണിറ്റുകൾക്കും നീര ഉൽപാദിപ്പിക്കുവാൻ എക്സൈസ് വകുപ്പ് അനുമതി നൽകുകയും, അവയിൽ ആകെ 16 നീര യൂണിറ്റുകൾക്ക് ഇതുവരെ ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അബ്കാരി നിയമത്തിലെ കള്ളിൻെറ നിർവ്വചനം തെങ്ങ്, പന, ഈന്തപ്പന തുടങ്ങിയവയിൽ നിന്നു ലഭിക്കുന്ന പുളിക്കുന്നതും പുളിക്കാത്തതുമായ എല്ലാ പാനീയങ്ങളും എന്നത് ഭേദഗതി ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതല്ലേ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നീരയുടെ ഉൽപ്പാദനത്തിൽ വ്യാപകമായ ദുരുപയോഗത്തിന് സാധ്യതയുള്ളതിനാൽ, അബ്കാരി നിയമത്തിലെ കള്ളിൻെറ നിലവിലുള്ള നിർവ്വചനം ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

| | | | |
|---|---|---|---|
| (സി) | നീരയുടെ ഉൽപ്പാദനവും, വിപണനവും സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച നീര കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (സി) | നീരയുടെ ഉൽപ്പാദനവും വിപണനവും സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി സർക്കാർ നിയമിച്ച ഉന്നതതല കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ അനുബന്ധ മായി ചേർക്കുന്നു. |
| (ഡി) | ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നീര ഉല്പാദിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | സംസ്ഥാനത്ത് നീരയുടേയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും ഉൽപാദ നവും വിപണനവും സാധ്യമാക്കുന്ന വിധത്തിൽ 14/02/14-ലെ ജി.ഒ(പി)നം.27/14 /റ്റി.ഡി. പ്രകാരം The Kerala Sweet Toddy (NEERA) Rules 2014 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയതിൻ പ്രകാരം ബോണഫൈഡ് ജാഗറി ഉൽപാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ച്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി /കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂ സേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാ ശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് നീര ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, 13/05/14-ലെ ജി.ഒ.(എം.എസ്)നം.66/14/റ്റി.ഡി പ്രകാരം നാളികേര - നീര ബോർഡ് രൂപീകരിച്ച് ഉത്തരവാകുകയും, അതിൻ പ്രകാരം യോഗ്യതയുടെ അടിസ്ഥാനത്തിൽ, സംസ്ഥാ നത്ത് നിലവിലുള്ള കർഷകരുടെ 173 സൊസൈറ്റികളിൽ . 16 സൊസൈറ്റികൾക്ക് മാത്രം ലൈസൻസ് നൽകിയിട്ടുള്ളതിനാൽ ബാക്കി സൊസൈറ്റികൾക്ക് ആവശ്യാനുസരണം ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഇക്കഴിഞ്ഞ ബജറ്റിൽ 10 ജില്ലകളിൽ 10 നീരയുൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 15 കോടി രൂപ നീക്കിവെച്ചിരുന്നതിൽ, ഏതൊക്കെ ജില്ലകളിൽ ഈ യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഇ) & (എഫ്)<br>കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത 'നീര' (കേരാമൃതം), അനുബന്ധ ഉൽപ്പന്നങ്ങളായ കേരചക്കര, തേൻ എന്നിവയുടെ ഉൽപാദനം, കാർഷിക കോളേജ് വെള്ളായണി, പി.പി.എൻ.എം.യു, വെള്ളാനിക്കര, ആർ.എ.ആർ.എസ്. പീലിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് 540 ലക്ഷം രൂപയുടെ ഒരു പദ്ധതി കൃഷിവകുപ്പിന്റെ 20/7/13-ലെ ജി.ഒ. (ആർ.റ്റി)നം.1386/13/എ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ ഒരു യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ 180 ലക്ഷം രൂപയുടെ 25 ശതമാനമായ 45 ലക്ഷം രൂപ, ജി.ഒ.(ആർ.റ്റി)നം.2373/13/എ.ഡി., തീയതി 06/12/13 ഉത്തരവ് പ്രകാരം ഇതുവരെ സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക കാസർഗോഡ് ജില്ലയിലെ പീലിക്കോട് പ്രാദേശിക കൃഷിഗവേഷണ കേന്ദ്രത്തിൽ ഒരു യൂണിറ്റ് തുടങ്ങുന്നതിനായാണ് അനുവദിച്ചിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ പീലിക്കോട് പ്രാദേശിക കൃഷി ഗവേഷണകേന്ദ്രത്തിലും തൃശ്ശൂർ ജില്ലയിൽ വെള്ളാനിക്കരയിലെ പ്ലാന്റ് പ്രൊപ്പഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റിലും, തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക കോളേജിലും ഈ പദ്ധതി തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ കൃഷിവകുപ്പ് ആരംഭിച്ചുകഴിഞ്ഞു. നീര ടാപ്പിങ്ങിനുള്ള പരിശീലന പരിപാടി ഇതിനകം നടത്തിക്കഴിഞ്ഞു. മറ്റു പ്രവർത്തന ങ്ങൾക്കുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (എഫ്) | ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ പൊതുമേഖലയൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ